## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 804

05.02. 2020 ൽ മറുപടിക്ക്

## മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ | | എ. കെ. ബാലൻ<br>(പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷനിൽ ഇപ്പോൾ എന്തൊക്കെ ക്ഷേമപ്രവർത്തനങ്ങളാണ് നടന്നു വരുന്നത്; വിശദമാക്കാമോ; | (എ) | ക്ഷേമ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. |
| (ബി) | മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് കോർപ്പറേഷൻ വഴി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ആനുകൂല്യങ്ങൾ നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (സി) | കോർപ്പറേഷന്റെ കീഴിൽ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് അംഗത്വം നൽകുന്ന നടപടി ഇപ്പോൾ നടന്നു വരുന്നുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് അംഗത്വം നൽകി; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; | (സി) | കോർപ്പറേഷന്റെ കീഴിൽ മൺപാത്ര തൊഴിലാളികൾക്ക് അംഗത്വം നൽകുന്ന രീതി നിലവിലില്ല. എന്നാൽ മൺപാത്ര ഉല്പന്ന നിർമ്മാണ വിപണന യൂണിറ്റുകളുടെ രജിസ്ട്രേഷൻ നടപടി പൂർത്തിയായിട്ടുണ്ട്. 2260 പേർ രജിസ്റ്റർ ചെയ്തു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തൃശ്ശൂർ - 344<br>പാലക്കാട് - 861<br>മലപ്പുറം - 527<br>വയനാട് - 56<br>കോഴിക്കോട് - 411<br>കോട്ടയം - 43 |

<table>
<tr><td></td><td></td><td></td><td>കാസർഗോഡ് - 1<br>കണ്ണൂർ -5<br>എറണാകുളം - 6<br>ആലപ്പുഴ - 5<br>കൊല്ലം -1<br>പത്തനംതിട്ട - 0<br>ഇടുക്കി - 0</td></tr>
<tr><td>(ഡി)</td><td>മൺപാത്ര നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;</td><td>(ഡി)</td><td>പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.</td></tr>
<tr><td>(ഇ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് കോർപ്പറേഷൻ വഴി / സർക്കാർ മുഖാന്തരം നൽകിയിട്ടുള്ളതെന്ന കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?</td><td>(ഇ)</td><td>പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നവീകരിക്കുന്നതിനും ആധുനീക യന്ത്രസജ്ജീകരണം നടത്തുന്നതിനുമായി 2012-13 വർഷം മുതൽ 1 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി രണ്ട് ഗഡുക്കളായി പരമാവധി 50,000/- രൂപ വരെ ആനുകൂല്യം അനുവദിച്ച വരുന്ന പദ്ധതി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം വർഷം തിരിച്ച ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ഗുണഭോക്താക്കളുടെ എണ്ണം</th><th>ചെലവഴിച്ച തുക</th></tr>
<tr><td>2016-17</td><td>711</td><td>180 ലക്ഷം</td></tr>
<tr><td>2017-18</td><td>216</td><td>134 ലക്ഷം</td></tr>
<tr><td>2018-19</td><td>19</td><td>4.75 ലക്ഷം</td></tr>
<tr><td>2019-20</td><td>47</td><td>11.75 ലക്ഷം</td></tr>
</table>
</td></tr>
</table>

Bindu. T

**സെക്ഷൻ ഓഫീസർ**